**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2119** **11-10-2021 - ൽ മറുപടിയ്ക്ക്**

**ആരോഗ്യകേന്ദ്രങ്ങളിലെ സ്റ്റാഫുകളുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക ആരോഗ്യകേന്ദ്രം, സമൂഹ്യ ആരോഗ്യകേന്ദ്രം, താലൂക്ക് ആശുപത്രി എന്നിവയിൽ ഡോക്ടർമാർ, നഴ്സ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പൊതുജനാരോഗ്യ സംവിധാനങ്ങൾ പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. പ്രാഥമിക തലത്തിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾ രോഗചികിത്സയോടൊപ്പം ഫീൽഡ്തല പൊതുജനാരോഗ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇവിടങ്ങളിൽ ക്ലിനിക്കൽ കെയർ സേവനത്തിന്റെ ഭാഗമായി ഡോക്ടർമാർ, നേഴ്സുമാർ, ഫാർമസിസ്റ്റ്. ലാബ് ടെക്നീഷ്യൻ തുടങ്ങിയ ജീവനക്കാരും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരും ഇവരുടെ സൂപ്പർവൈസറി വിഭാഗം ജീവനക്കാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. (ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നേഴ്സ്) ബ്ലോക്ക് തലത്തിൽ ഹെൽത്ത് സൂപ്പർവൈസറും പബ്ലിക് ഹെൽത്ത് നേഴ്സ് സൂപ്പർവൈസറും പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ സേവനം ഫലപ്രദമായി ലഭ്യമാക്കുന്നതിനാവശ്യമായ എക്സ്-റേ, ലബോറട്ടറി സംവിധാനങ്ങൾ തുടങ്ങിയവയും ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം തുടങ്ങിയവ വഴിയുള്ള സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾക്കൊപ്പം സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും കൂടി ഘട്ടംഘട്ടമായി ലഭ്യമാക്കിവരുന്നു. സെക്കൻഡറി കെയറിന്റെ ഭാഗമായുള്ള താലൂക്ക് തല ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് |

| | | | |
|---|---|---|---|
| | | | ഡോക്ടർമാരെയും അനുബന്ധ പാരാമെഡിക്കൽ ജീവനക്കാരെയും നിയമിച്ചുവരുന്നു. |
| (ബി) | നിലവിൽ പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങൾക്ക് ഏതെല്ലാം തസ്തികയിലുള്ള മെഡിക്കൽ ടീം അംഗങ്ങളെയാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്ത് പൊതുജനാരോഗ്യ സംവിധാനങ്ങൾ പ്രാഥമിക, ദ്വിതീയ, തൃതീയ തലങ്ങളിൽ ശക്തിപ്പെടുത്തുന്ന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. പ്രാഥമിക തലത്തിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങൾ രോഗചികിത്സയോടൊപ്പം ഫീൽഡ്തല പൊതുജനാരോഗ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇവിടങ്ങളിൽ ക്ലിനിക്കൽ കെയർ സേവനത്തിന്റെ ഭാഗമായി ഡോക്ടർമാർ, നേഴ്സുമാർ, ഫാർമസിസ്റ്റ്. ലാബ് ടെക്നീഷ്യൻ തുടങ്ങിയ ജീവനക്കാരും പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്കായി ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവരും ഇവരുടെ സൂപ്പർവൈസറി വിഭാഗം ജീവനക്കാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. (ഹെൽത്ത് ഇൻസ്പെക്ടർ, പബ്ലിക് ഹെൽത്ത് നേഴ്സ്) ബ്ലോക്ക് തലത്തിൽ ഹെൽത്ത് സൂപ്പർവൈസറും പബ്ലിക് ഹെൽത്ത് നേഴ്സ് സൂപ്പർവൈസറും പ്രവർത്തിക്കുന്നു. സംസ്ഥാനത്ത് താലൂക്ക്തല ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ സേവനം ഫലപ്രദമായി ലഭ്യമാക്കുന്നതിനാവശ്യമായ എക്സ്-റേ, ലബോറട്ടറി സംവിധാനങ്ങൾ തുടങ്ങിയവയും ഓപ്പറേഷൻ തിയേറ്റർ, ലേബർ റൂം തുടങ്ങിയവ വഴിയുള്ള സേവനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ജില്ലാതല ആശുപത്രികളിൽ സ്പെഷ്യാലിറ്റി സേവനങ്ങൾക്കൊപ്പം സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും കൂടി ഘട്ടംഘട്ടമായി ലഭ്യമാക്കിവരുന്നു. സെക്കൻഡറി കെയറിന്റെ ഭാഗമായുള്ള താലൂക്ക് തല ആശുപത്രികളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെയും അനുബന്ധ പാരാമെഡിക്കൽ ജീവനക്കാരെയും നിയമിച്ചുവരുന്നു. |
| (സി) | ആരോഗ്യ കേന്ദ്രങ്ങളുടെ പദവി മാറ്റുന്നതിനോടൊപ്പം ആവശ്യമായ തസ്തികകളും സൃഷ്ടിക്കാറുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ സാമൂഹ്യ ആരോഗ്യകേന്ദ്രം, കുടുംബാരോഗ്യകേന്ദ്രം, എന്നിവയായി ഉയർത്തിയ ആരോഗ്യകേന്ദ്രങ്ങൾക്കായി ഡോക്ടർ, നഴ്സ്സ്, പാരാമെഡിക്കൽ എന്നീ വിഭാഗങ്ങളിൽ എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും പി.എസ്.സി. വഴി എത്ര നിയമനം നടന്നുവെന്നും വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ പദവി മാറ്റിയ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൃഷ്ടിച്ച തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. അസിസ്റ്റന്റ് സർജൻ - 570 2. സ്റ്റാഫ് നഴ്സ് - 740 3. ലാബ് ടെക്നീഷ്യൻ - 370 4. ഫാർമസിസ്റ്റ് - 150 മേൽ തസ്തികകളിലെ ഒഴിവുകൾ എല്ലാം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ